REGIONAL NEWS UNIT, ALL INDIA RADIO, CALICUT

ആകാശവാണി

പ്രാദേശിക വാർത്തകൾ

തിയ്യതി: 04-11-2026 **സമയം 12.30 PM**

പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് മാരിടൈം മ്യൂസിയം നിർമ്മിക്കുന്നതിന് കരട് രേഖയ്ക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകിയതായി മുഖ്യമന്ത്രി VD സതീശൻ.**
- **ഹിമാചൽ പ്രദേശിൽ നിന്ന് വൈദ്യുതി വാങ്ങുന്നത് സംസ്ഥാനത്തിന് അധിക ബാധ്യതയാണെന്നും മുഖ്യമന്ത്രി.**
- **കലാലയങ്ങളിലെ റാഗിംഗിനെതിരായ 'സിദ്ധാർത്ഥ് ആപ്പ് ' തിരുവനന്തപുരത്ത് മുഖ്യമന്ത്രി VD സതീശൻ പുറത്തിറക്കി.**
- **അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പിൽ ട്രംപിന് തിരിച്ചടി നൽകി ഡെമോക്രാറ്റുകളുടെ മുന്നേറ്റം.**
- **ഇന്ത്യ-ന്യൂസിലാൻഡ് ഏകദിന ക്രിക്കറ്റിൽ ഇന്ത്യക്ക് 186 റൺസ് വിജയലക്ഷ്യം.**

വാർത്തകൾ വിശദമായി

സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിൽ മാരിടൈം മ്യൂസിയം നിർമ്മിക്കുന്നതിന് കരട് രേഖയ്ക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകിയതായി മുഖ്യമന്ത്രി VD സതീശൻ അറിയിച്ചു. സെക്ഷൻ -8 അനുസരിച്ചാണ് ഇതിന് കമ്പനി രൂപീകരിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. രണ്ടാം ഘട്ടത്തിൽ ഓഷ്യനേറിയവും, മാരിടൈം മ്യൂസിയവും സ്ഥാപിക്കുന്ന നടപടിക്രമങ്ങൾ ആരംഭിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ഇവ രണ്ടും സംസ്ഥാന ഗവണ്മെന്റിന്റെ സ്വപ്ന പദ്ധതികളാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

ആരോഗ്യവകുപ്പിൽ ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് -2 വിൽ 12 ഉം, കാത്ത്ലാബ് ടെക്നീഷ്യൻ വിഭാഗത്തിൽ 16 ഉം പുതിയ തസ്തികകൾ സൂപ്പർ ന്യൂമററി തസ്തികകളാക്കി നിലനിർത്താനും മന്ത്രിസഭായോഗം തീരുമാനിച്ചു. കോഴിക്കോട് കോർപറേഷനിൽ നിന്നും പിരിച്ചുവിട്ട അഞ്ച് ജീവനക്കാർക്ക് സൂപ്പർ ന്യൂമററി തസ്തിക നൽകിയാണ് നിയമിക്കുകയെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ IAS ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സർവീസിലെ സ്വാഭാവികമായ നടപടിക്രമങ്ങൾ മാത്രമാണെന്നും മുഖ്യമന്ത്രി അറിയിച്ചു. PSC യുടെ വിശ്വാസ്യത വീണ്ടെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമെന്നും, കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ഞെട്ടിക്കുന്ന ക്രമക്കേടുകളാണ് ഉണ്ടായതെന്നും VD സതീശൻ അറിയിച്ചു.

ഹിമാചൽ പ്രദേശിൽ നിന്ന് വൈദ്യുതി വാങ്ങുന്നത് സംസ്ഥാനത്തിന് അധിക ബാധ്യതയാണെന്ന് മാധ്യമങ്ങളുടെ ചോദ്യത്തിന് ഉത്തരമായി മുഖ്യമന്ത്രി പറഞ്ഞു. അതുകൊണ്ടാണ് കുറഞ്ഞ വിലയിൽ സ്വകാര്യ കമ്പനിയിൽ നിന്ന് വൈദ്യുതി വാങ്ങാൻ തീരുമാനിച്ചത്. LDF ഗവണ്മെന്റിന്റെ കാലത്തും, സ്വകാര്യ കമ്പനിയിൽ നിന്ന് വൈദ്യുതി വാങ്ങിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

റാഗിംഗ് ഒഴിവാക്കി കലാലയങ്ങളെ വിദ്യാർത്ഥി സൗഹൃദമാക്കാൻ ലക്ഷ്യമിട്ട് തയ്യാറാക്കിയ 'സിദ്ധാർത്ഥ് ആപ്പ് ' തിരുവനന്തപുരം വിമൻസ് കോളജിൽ മുഖ്യമന്ത്രി വി ഡി സതീശൻ പുറത്തിറക്കി. പേര് വെളിപ്പെടുത്താതെ തന്നെ റാഗിംഗ് ഉൾപ്പെടെ പ്രശ്നങ്ങൾ അധികൃതരെ രഹസ്യമായി അറിയിക്കാനും, സഹായം തേടാനും ആപ്പിലൂടെ കഴിയും. കൂടാതെ ഓഡിയോ പരാതികൾ രേഖപ്പെടുത്താനും സുരക്ഷാ വിവരങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കാനും ആപ്പിലൂടെ സാധിക്കും.

ആപ്പിന് നിയമപരമായ അടിത്തറ ഉറപ്പാക്കാനും, സംസ്ഥാന റാഗിംഗ് വിരുദ്ധ കമ്മീഷൻ രൂപീകരിക്കാനും കരടു നിയമം ഉടൻ തയ്യാറാക്കുമെന്നും റോജി എം ജോൺ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധ്യക്ഷരുടെ ദേശീയ സമ്മേളനം തിരുവനന്തപുരത്ത് സമാപിച്ചു. പാർലമെന്റിലെയും വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നിയമസഭകളിലെയും

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളുടെ അധ്യക്ഷരാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

ലോക്സഭാ സ്പീക്കർ ഓം ബിർള സമാപന പ്രസംഗം നടത്തി. ചടങ്ങിൽ ലോക്സഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ കെ സി വേണുഗോപാൽ, നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ ഔദ്യോഗിക മദ്യനയം എത്രയും പെട്ടെന്ന് പ്രഖ്യാപിക്കുമെന്ന് മന്ത്രി എം ലിജു പറഞ്ഞു. ഇതു സംബന്ധിച്ച ചർച്ചകൾ നടക്കുകയാണെന്നും, ഉടൻ തന്നെ പൂർത്തീകരിച്ച് നയം പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി. സമൂഹത്തിൽ നിന്ന് മദ്യപാനത്തെ ഇല്ലാതാക്കുക എന്നതാണ് ഗവണ്മെന്റ് ലക്ഷ്യമെന്നും, ആത്യന്തികമായി ഇതിനു വേണ്ടിയാണ് പ്രവർത്തിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

ഭക്ഷണത്തിന്റെ മഹത്വം തിരിച്ചറിഞ്ഞ് അവ പാഴാക്കാതിരിക്കാനും, ആവശ്യക്കാരുമായി ഭക്ഷണം പങ്കുവെയ്ക്കാനും കഴിയുന്ന സാമൂഹിക ബോധം കുട്ടികളിൽ വളർത്തിയെടുക്കണമെന്ന് മന്ത്രി കെ മുരളീധരൻ നിർദ്ദേശിച്ചു. തിരുവനന്തപുരം കവടിയാർ സന്ദീപനി സ്കൂളിൽ അന്നമിത്ര പദ്ധതിക്ക് തുടക്കം കുറിയ്ക്കുകയായിരുന്നു അദ്ദേഹം. ആവശ്യത്തിനു മാത്രം ഭക്ഷണമെടുക്കുകയും, പാഴാക്കാതെ മിച്ചഭക്ഷണം അർഹരുമായി പങ്കുവെയ്ക്കുന്ന ശീലങ്ങൾ ബാല്യത്തിലേ വളർത്തിയെടുത്താൽ, അത് സഹാനുഭൂതിയുടെ പാഠമാകുമെന്നും മുരളീധരൻ പറഞ്ഞു.

✪✪✪

ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ'ന്റെ ആദ്യ ഉപകേന്ദ്രം, മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ശാസ്ത്രീയ മനോഭാവവും, യുക്തിസഹ അന്വേഷണസംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് 300 ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്ന വിപുല പദ്ധതിയുടെ തുടക്കമാണ് സയന്റിഫിക് ടെമ്പർ.

✪✪✪

2029-ഓടെ രാജ്യരക്ഷാ രംഗത്തെ ഉൽപ്പാദനം 3 ലക്ഷം കോടി രൂപയായും, കയറ്റുമതി 50,000 കോടി രൂപയായും ഉയർത്തുകയാണ് ലക്ഷ്യമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. രാജസ്ഥാനിലെ ജയ്സാൽമീറിൽ

മന്ത്രാലയ ഉപദേശക സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നടപ്പു സാമ്പത്തിക വർഷത്തിൽ, മേഖലക്കായി വകയിരുത്തിയ 7.85 ലക്ഷം കോടി രൂപയുടെ റെക്കോർഡ് ബജറ്റിൽ 2.19 ലക്ഷം കോടി രൂപ ആധുനികവൽക്കരണത്തിനും, ആയുധ സംഭരണത്തിനുമായി നീക്കിവെച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡ്രോൺ സംവിധാനങ്ങൾ, സൈബർ-സ്പേസ് ഉപകരണങ്ങൾ, ഇലക്ട്രോണിക് വാർഫെയർ, കമ്മ്യൂണിക്കേഷൻ തുടങ്ങി അത്യാധുനിക സാങ്കേതികവിദ്യകൾ സൈന്യത്തിൽ നടപ്പാക്കുന്നത് യോഗം ചർച്ച ചെയ്തു.

✪✪✪

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി, ദ്വിദിനസന്ദർശനത്തിന് നേപ്പാളിലെ കാഠ്മണ്ഡുവിലെത്തി. ത്രിഭുവൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിയ അദ്ദേഹത്തെ, നേപ്പാളിലെ ഇന്ത്യൻ അംബാസഡറും നേപ്പാൾ വിദേശകാര്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരും ചേർന്ന് സ്വീകരിച്ചു.

ഇന്ത്യ-നേപ്പാൾ ഉഭയകക്ഷി ബന്ധത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് നേപ്പാൾ വിദേശകാര്യ സെക്രട്ടറി അമൃത് ബഹാദൂർ റായിയുമായി അദ്ദേഹം ചർച്ച നടത്തും.

✪✪✪

ലണ്ടനിൽ 'വേൾഡ് ട്രാവൽ മാർക്കറ്റ്' 2026-ന്റെ ഭാഗമായി, കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, ഖത്തർ ടൂറിസം ചെയർമാൻ സാദ് ബിൻ അലി അൽ ഖർജിയുമായി ഉഭയകക്ഷി ചർച്ച നടത്തി. ഇരു രാജ്യങ്ങളിലെയും ജനങ്ങൾക്കിടയിൽ ശക്തമായ ബന്ധം നിലനിൽക്കുന്നുണ്ടെന്നും, രാജ്യങ്ങൾ തമ്മിലെ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനും ടൂറിസം വളർച്ചയ്ക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും ഇത് സാധ്യതയൊരു ക്കുന്നുണ്ടെന്നും മന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ എന്നിവ ഇറക്കുമതി ചെയ്യുന്ന അംഗീകൃത പ്രവേശന കവാടങ്ങളുടെ ശൃംഖല വിപുലീകരിക്കുന്നതിന് 1945-ലെ ഡ്രഗ്സ് നിയമങ്ങളിലെ ചട്ടം 43-A-യിൽ ഭേദഗതി വരുത്താൻ കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം നിർദേശിച്ചു. ഇറക്കുമതി പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുക, ലോജിസ്റ്റിക്സ് കാര്യക്ഷമത മെച്ചപ്പെടുത്തുക, ആരോഗ്യ സംരക്ഷണ ഉല്പന്നങ്ങളുടെ വിതരണ

ശൃംഖല ശക്തിപ്പെടുത്തുക എന്നിവയാണ് നിർദിഷ്ട ഭേദഗതിയുടെ ലക്ഷ്യമെന്ന് മന്ത്രാലയംഅറിയിച്ചു.

✪✪✪

SIR നിടെ കരട് വോട്ടർ പട്ടികയിൽ പേര് വിട്ടുപോയ വോട്ടർമാർക്ക്, പുതുതായി പേര് ചേർക്കാൻ ഫോം 6 സമർപ്പിക്കുന്നതിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തത വരുത്തി. നിലവിലെ വോട്ടർമാർ കരട് പട്ടികയിൽ പേരില്ലാത്തപക്ഷം ഫോം 6 നൽകുന്നത് തെറ്റായ പ്രഖ്യാപനമായി കണക്കാക്കില്ലെന്നും, ഇവർക്കെതിരെ 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ 31-ാം വകുപ്പ് പ്രകാരം നടപടിയെടുക്കില്ലെന്നും കമ്മീഷൻ അറിയിച്ചു.

ഡൽഹി ഹൈക്കോടതി ഉത്തരവ് ചൂണ്ടിക്കാട്ടിയാണ്, കമ്മീഷൻ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് ഇലക്ടറൽ ഓഫീസർമാർക്ക് കത്തയച്ചത്. വോട്ടർ മറ്റേതെങ്കിലും മണ്ഡലത്തിൽ വോട്ടറായി രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, ഫോം 6 സമർപ്പിക്കുന്നതിന്റെ പേരിൽ മാത്രം വ്യക്തികൾക്കെതിരെ നിയമനടപടി സ്വീകരിക്കില്ല. ഈ വിവരം പ്രാദേശിക ഭാഷകളിൽ മാധ്യമങ്ങളിലൂടെ ജനങ്ങളിലേക്ക് പ്രചരിപ്പിക്കണമെന്നും കമ്മീഷൻ നിർദ്ദേശം നൽകി.

✪✪✪

അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ ഡൊണാൾഡ് ട്രംപിന്റെ റിപ്പബ്ലിക്കൻ പാർട്ടിക്ക് തിരിച്ചടി നൽകി ഡെമോക്രാറ്റിക് പാർട്ടി മുന്നേറ്റം തുടരുന്നു. ജനപ്രതിനിധി സഭയിലും സെനറ്റിലും ഡെമോക്രാറ്റുകൾ വിജയിക്കുമെന്നാണ് വിലയിരുത്തൽ. ആകെ 435 ജനപ്രതിനിധി സഭാ സീറ്റുകളിൽ 218 സീറ്റുകൾ ജയിച്ച് ഡെമോക്രാറ്റുകൾ കേവലഭൂരിപക്ഷം നേടിയേക്കും. റിപ്പബ്ലിക്കൻ പാർട്ടി 160 സീറ്റുകളിലേക്ക് ചുരുങ്ങിയേക്കുമെന്നാണ് റിപ്പോർട്ട്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ശേഷിക്കുന്ന ഭരണകാലയളവിൽ ഫലം വൻ ആഘാതമുണ്ടാക്കുമെന്നാണ് നിരീക്ഷകർ കരുതുന്നത്.

✪✪✪

ഇന്ത്യ-ന്യൂസിലാൻഡ് അഞ്ചുമത്സര ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ, ഇന്ത്യക്ക് 186 റൺസ് വിജയലക്ഷ്യം. ഓക്‌ലൻഡിലെ ഈഡൻ പാർക്കിൽ ടോസ് നേടി ബൗളിംഗ് തിരഞ്ഞെടുത്ത ഇന്ത്യ 40.2 ഓവറിൽ ന്യൂസിലാൻഡിനെ 185 റൺസിന് പുറത്താക്കി. ഇന്ത്യക്ക് വേണ്ടി അർശ്ദീപ് സിംഗ് 4 വിക്കറ്റുകൾ നേടി. മറുപടി ബാറ്റിംഗിൽ ഇന്ത്യ ഒരു വിക്കറ്റ് നഷ്ടത്തിൽ 54 റൺസെടുത്തിട്ടുണ്ട്.

മഴ കാരണം കളി നിർത്തിവെച്ചിരിക്കുകയാണ്.

✪✪✪

ഒമ്പതാമത് ഹീറോ ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ രണ്ടാം സെമിഫൈനലിൽ ഇന്ത്യ ഇന്ന് ദക്ഷിണ കൊറിയയെ നേരിടും. മൊഹാലിയിലെ ഒളിമ്പ്യൻ ബൽബീർ സിംഗ് സീനിയർ ഇന്റർനാഷണൽ ഹോക്കി സ്റ്റേഡിയത്തിൽ, വൈകിട്ട് ഏഴിനാണ് മത്സരം. ലീഗ് ഘട്ടത്തിലെ 5 മത്സരങ്ങളും വിജയിച്ച് ഒന്നാം സ്ഥാനക്കാരായാണ് ഇന്ത്യ സെമിഫൈനലിൽ പ്രവേശിച്ചത്.

✪✪✪

ഇന്നലെ അന്തരിച്ച പ്രശസ്ത ഫുട്ബോൾ താരവും, കളി എഴുത്തുകാരനും നോവലിസ്റ്റും കമന്റേറ്ററുമായ, ഭാസി മലാപ്പറമ്പിന്റെ സംസ്കാരം വൈകിട്ട് കോഴിക്കോട് മാവൂർറോഡ് സ്മൃതിപഥം ശ്മശാനത്തിൽ നടത്തും. വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് മലാപ്പറമ്പിലെ വസതിയിലായിരുന്നു 85-കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

സന്തോഷ് ട്രോഫി, നെഹ്റു കപ്പ് ഇന്റർനാഷണൽ ടൂർണമെന്റ്, നാഗ്ജി ട്രോഫി എന്നിവയിലൂടെ കാണികൾക്കിഷ്ടപ്പെട്ട ഫുട്ബോൾ കമന്റേറ്ററായിരുന്നു ഭാസി മലാപ്പറമ്പ്. ആകാശവാണിക്കും പ്രമുഖ പത്രങ്ങൾക്കും ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

'ഗോൾഡൻ ഗോൾ', ലോകകപ്പ് ഫുട്ബോൾ ഒരു ചരിത്ര അവലോകനം' എന്നീ പുസ്തകങ്ങൾ രചിച്ച ഭാസി മലാപ്പറമ്പിന് ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് ഞായറാഴ്ച വരെ ഇടിമിന്നലോടുകൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കോട്ടയം, ഇടുക്കി, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

ദക്ഷിണ റെയിൽവേ പ്രഖ്യാപിച്ച ദീപാവലി സ്പെഷ്യൽ ട്രെയിനുകളുടെ റിസർവേഷൻ ആരംഭിച്ചു. മറ്റന്നാൾ മുതൽ തിരുവനന്തപുരത്ത് നിന്ന് ചെന്നൈ, ബെംഗളുരു എന്നിവിടങ്ങളിലേക്കും, തിരിച്ചും സർവീസിനാണ് റിസർവേഷൻ.

✪✪✪

എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ ആരംഭിച്ച 10-ാമത് കൊച്ചി ലിറ്ററേച്ചർ ഫെസ്റ്റിവൽ, വൈകിട്ട് മുഖ്യമന്ത്രി വി.ഡി. സതീശൻ ഔദ്യോഗികമായി

ഉദ്ഘാടനം ചെയ്യും. പുസ്തകോത്സവത്തിന്റെ ഭാഗമായി ഇന്നലെ ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് ചർച്ച സംഘടിപ്പിച്ചു. ദേശീയ ലോ കമ്മീഷൻ ചെയർമാൻ, ജസ്റ്റിസ് ദിനേഷ് മഹേശ്വരി ഉദ്ഘാടനം ചെയ്തു.

✪✪✪

മന്ത്രി കെ. മുരളീധരന്റെ നേതൃത്വത്തിൽ, കാസർകോട്ട് ഈ മാസം 10-ന് "കായകൽപം പൊതുജന സമ്പർക്ക പരിപാടി' സംഘടിപ്പിക്കും. ഇതിന്റെ നടത്തിപ്പിന്, കല്ലട്ര മാഹിൻ MLA രക്ഷാധികാരിയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാബു അബ്രഹാം ചെയർപേഴ്സണുമായി സംഘാടക സമിതി രൂപീകരിച്ചു.

✪✪✪

News Editor : വി കെ സുരേഷ്
News Reader: സബിത കെ
News Team: AV ഫർദിസ്, സാലിം
DEO: ഷീബ